OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE
Vol. 1 Book 3 Regd. No. ER/450/2001 Date:30.09.2019

# ഓണാഘോഷവും കുടുംബസംഗമവും കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓാഡിറ്റോറിയത്തിൽ വച്ച് നടന്നു

ഈ വർഷത്തെ ഓണാഘോഷവും കടുംബസംഗമവും സെപ്റ്റംബർ മാസം 7–ാം തീയതി ശനിയാഴ്ച്ച രാവിലെ 10 മണിക്ക് കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓാഡിറ്റോറിയത്തിൽ വച്ച് നടന്നു. പൂക്കളമൊരുക്കി നിറപറയും നില വിളക്കും ആർപ്പും കുരവയും വിളിച്ച് വാദ്യമേളങ്ങളോടെ മാവേലിയെ എഴുന്നള്ളിച്ചു. ഓണപ്പാട്ടുകളും ഓണസ്സദ്യയും വിനോദങ്ങളുമായി ഒത്തിരി ഗതകാല സ്മരണകളുണർത്തുന്നതായിരുന്നു ഈ വർഷത്തെ ഓണാഘോഷം. ചില അനർഘ നിമിഷങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം.



**കോട്ടയം ജില്ലാ** വൈസ് പ്രസിഡന്റ് ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം **ആശംസിക്കുന്നു. കോട്ടയം എ.ജി.എസ്. ശ്രീ.പി.എസ്. രാജമോഹനൻ നായർ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയ കുമാർ മുഖ്യ അഥിതി റിട്ട.ഡി.ജി.എം ശ്രീ.ജോയി സി. അരീക്കര, അദ്ധ്യക്ഷൻ ശ്രീ.എം.ജി.രാഘവൻ, കോട്ടയം ഡി.ജി. എസ്, ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് എന്നിവർ മുൻ നിരയിൽ.**



ഓണാഘോഷ പരിപാടികൾ നിലവിളക്ക് കൊളുത്തിക്കൊണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ ഉത്ഘാടനം ചെയ്യുന്നു. ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായരും, മുഖ്യ അഥിതി റിട്ട.ഡി.ജി.എം ശ്രീ. ജോയി സി. അരീക്കര, ചങ്ങനാസ്സേരി ഏരിയ കമ്മറ്റി കൺവീനർ ജോൺ വി ചെറിയാൻ കോട്ടയം ഡി.ജി.എസ്, **ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ** കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്, പ്രസിഡന്റ് ശ്രീ.എം.ജി. രാഘവൻ, ജില്ലാ ട്രഷറർ ശ്രീ. തോമസ് ഫിലിപ്പ് ലേഡി വൈസ് പ്രസിഡന്റ് ശ്രീമതി.ത്രേസ്യാമ്മ ആന്റണി എന്നിവരും സദസ്സും സാക്ഷികളായി.



കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ് **പൊതു യോഗത്തിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു..** വേദിയിൽ amtheıtbbpw ImWmw. വേഷപ്പകർച്ച ശ്രീ. പ്ര്സന്നകþമാർ

ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ് കണക്കുകൾ AhX രിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ.എം.പി.പുഷ്കരൻ കൃതജ്ഞത രേഖപ്പെടുത്തി.


KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com



ആർപ്പും കുരവയും വിളിച്ച് വാദ്യമേളങ്ങളോടെ മാവേലിയെ എഴുന്നള്ളിക്കുന്നു. മേള വദ്യങ്ങളൊരുക്കിയവർ ചെണ്ട :കെ.എ.ഫിലിപ്പ് ഇലത്താളം: ശ്രീ.ജെയ്ൻ എബ്രഹാം, മാവേലി: ശ്രീ. പ്രസന്നകുമാർ



നിറഞ്ഞ സദസ്സിന്റെ ഒരു ദ്രശ്യം



ശ്രീ.പി.സി.പീറ്ററും സംഘവും ഓണപ്പാട്ടുകൾ സമൂഹ ഗാനങ്ങളായി അവതരിപ്പിച്ചപ്പോൾ. ടീമിലെ മറ്റ് അംഗങ്ങൾ; ശ്രീ.ജെയ്ൻ എബ്രഹാം, പ്രേമ എസ്. ഐയ്യർ, ബി. ഗിരിജാ കുമാരി, ശ്രീമതി.ത്രേസ്യാമ്മ ആന്റണി എന്നിവരാണ്. സംഗീത സംവിധായകൻ ശ്രി.കെ.പി.ജോസ്.

സംഘഗാനങ്ങളിൽ ശ്രദ്ധേയമായ ഒരു ഗാനം താഴെ കൊടുക്കുന്നു.

# എന്റെ മലയാളം

എത്ര സുന്ദരം, എത്ര സുന്ദരം, എന്റെ മലയാളം....
മുത്തു പവിഴങ്ങൾ കൊരുത്തൊരു പൊന്നു നൂൽ പോലെ ...

മണ്ണിൽ വീണ് കുരുത്ത നെല്മണി വീണ് മുളപൊട്ടീ...
മിന്നുമീരില വീശിടുമ്പോൾ എത്ര ഈരടികൾ...
മണ്ണിൽ വേർപ്പ് വിതച്ചവർ തൻ ഈണമായ് വന്നൂ...
അന്നു പാടിയ പാട്ടിലൂഞ്ഞാലാടി മലയാളം...

(എത്ര സുന്ദരം, എത്ര സുന്ദരം .....)

കൊഞ്ചലും കുറുമൊഴികളും പോയ് കഥകൾ പലതോതി...
നെഞ്ചണച്ചൊരു ഗുരു വളർത്തിയ കിളി മകൾ പാടി...
ദേവ ദൈത്യ മനുഷ്യ വർഗ്ഗ മഹാ ചരിത്രങ്ങൾ...
തേൻ കിനിയും വാക്കിലോതി വളർന്നു മലയാളം...
(എത്ര സുന്ദരം, എത്ര സുന്ദരം..)



നിറപറയും നില വിളക്കും പൂക്കളവും

മറ്റൊരു ഗാനത്തിൽ നിന്ന്

## തിരുവോണം

തിരുവോണം.. തിരുവോണം...പൂത്തിരുവോണം...
പുതുമാസ പുലരി തൻ പൊൻതിരുവോണം...
പുലരിപ്പൂ ചൂടി വരും ശലഭങ്ങളേ..
പൂചൂടിയ കന്യകളേ... തിരുവോണം.....
( തിരുവോണം.. തിരുവോണം...പൂത്തിരുവോണം...)
ആവണി പൊൻപുലരി എത്തുമല്ലോ..
മാവേലിത്തമ്പുരാൻ മണ്ണിലേക്ക്..
പൂമണി ചില്ലയിൽ താലമെടുത്ത്
കേരളം പൂക്കളം തീർക്കുമല്ലോ...
( തിരുവോണം.. തിരുവോണം.....)




## ശ്രീ.പി.പി.ഫിലിപ്പ് രചിച്ച ‘‘ഡെൻ മാർക്ക് ഓർമ്മക്കുറിപ്പുകൾ’’ പുസ്തകം പ്രകാശനം

യാത്രാനുഭവം പുസ്തകമാക്കി ശ്രീ.പി.പി.ഫിലിപ്പ്. ‘‘ഡെൻ മാർക്ക് ഓർമ്മക്കുറിപ്പുകൾ’’ എന്ന യാത്രാ വിവരണ പുസ്തകം വാർഷിക പൊതു യോഗ ത്തിൽ റിട്ട.ഡി.ജി.എം ശ്രീ. ജോയി. സി. അരീക്കര നിറഞ്ഞ സദസ്സിന് മുന്നിൽ പ്രകാശനം ചെയ്തു. ഏറ്റു വാങ്ങിയത്, ശ്രീ.ഫിലിപ്പിന്റെ പത്നിയും റിട്ടയേർഡ് ഹെഡ് മിസ്ട്രസ്സുമായ ശ്രീമതി. തങ്കമ്മ ഫിലിപ്പ്.

ഡെൻമാർക്കിൽ മക്കളോടൊപ്പം കഴിഞ്ഞ ദിനങ്ങളിൽ എഴുതി ഫേസ് ബുക്കിൽ പോസ്റ്റ് ഇട്ട ലേഖനങ്ങൾ വായനക്കാരുടെ നിർബന്ധത്തിന് വഴങ്ങി പരിഷ്കരിച്ച് പുസ്തകമാക്കിയതാണെന്ന് അദ്ദേഹം അനുസ്മരിച്ചു.

## ശ്രീ. വി.ജി.ജോസഫിന് ആദരം

ഈ വർഷം 75 വയസ്സ് തികഞ്ഞ ശ്രീ. വി.ജി. ജോസഫിനെ വാർഷിക പൊതു യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ പൊന്നാട അണിയിച്ച് ആദരിച്ചു.



ശ്രീ.പി.പി.ഫിലിപ്പ് രചിച്ച ‘‘ഡെൻ മാർക്ക് യാത്രാനുഭവം’’ എന്ന യാത്രാ വിവരണം പുസ്തകം ജോയി.സി.അരീക്കര പ്രകാശനം ചെയ്തപ്പോൾ. പുസ്തകം ഏറ്റുവാങ്ങിയ ശ്രീ.ഫിലിപ്പിന്റെ പത്നിയും റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സുമായ ശ്രീമതി. തങ്കമ്മ ഫിലിപ്പിനേയും കാണാം.

## സൊസൈറ്റിയുടെ വാർഷിക പൊതുയോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ വാർഷിക പൊതുയോഗം 2019 സെപ്റ്റമ്പർ 7–ാം തിയതി ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2.30 മണി മുതൽ കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

**അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്,**

1. നമ്മുടെ സൊസൈറ്റിയുടെ ആഡിറ്റ് ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി അംഗങ്ങൾ എല്ലാവരും പെൻഷനേർസ് ഐ.ഡിയുടെ ഒരു ഫോട്ടോകോപ്പി ഓഫീസിൽ വരുമ്പോൾ കൂടെ കൊണ്ടുവരേണ്ടതാണ്.
2. സൊസൈറ്റി മെമ്പർഷിപ്പ് എടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒരു ഫോട്ടോയും, പെൻഷനേർസ് ഐ.ഡിയുടെ ഫോട്ടോകോപ്പിയും, ഒരു ചെക്ക് ലീഫും കൊണ്ടു വരേണ്ടതാണ്.

3. ജി.ഡി.സി.എസ് ആറാമത് ചിട്ടി ( Rs.4000 x 25 തവണ ) ഉടൻ ആരംഭിക്കുന്നു. ഏതാനും നമ്പറുകൾ ശേഷിക്കുന്നു. ഫോമുകൾ വാങ്ങി പൂരിപ്പിച്ച് തിരികെ നൽകേണ്ടതാണ്.

4. സൊസൈറ്റിയുടെ ഐ.ഡി. കാർഡ് തയാറാക്കി കൊടുത്തൂ വരുന്നു. ഏകദേശം 230 പേരുടെ ഐഡി കാർഡ് തയാറാക്കി കഴിഞ്ഞു. പലരും അത് കൈപ്പറ്റിയിരുന്നു. കുറെ കാർഡ് നമ്മുടെ ഓഫിസിൽ സുഷിച്ചിട്ടുണ്ട്.



**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ വാർഷിക പൊതുയോഗത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുന്ന ഹോണററി സെക്രട്ടറി & കോട്ടയം ഡി.ജി.എസ്, ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

## സൊസൈറ്റി ഭരണ സമിതി യോഗം

### ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

2019 സെപ്റ്റംബർ മാസത്തിലെ സൊസൈറ്റി ഭരണ സമിതി യോഗം ആറാം തീയതി വെള്ളിയാഴ്ച്ച നടന്നു. സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2019 സെപ്റ്റംബർ മാസത്തിലെ നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – ശ്രീ.** എം.ജി.രാഘവൻ,
2. **25,000 രൂപായുടെ കുറി – ശ്രീ. എം.സി.മാത്യു**
3. **50,000 രൂപായുടെ കുറി – ശ്രീ. കെ.എസ്. രഘു**
4. **100,000 രൂപായുടെ കുറി – ശ്രീ. വി.കെ.പ്രഭാകരൻ**
5. **100,000 രൂപായുടെ കുറി – ശ്രീമതി. മെറീനാ എബ്രഹാം**

നറുക്ക് ലഭിച്ചവർക്ക് ഒക്ടോബർ മാസം 11–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 11–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.



## Banks should pay 8% interest for delay in crediting pension, arrears: RBI

The Reserve Bank of India (RBI) has asked all government pension paying banks to compensate pensioners, at a fixed rate of 8 percent per annum for delay in credit of their pension, revised pension or pension arrears for the delay after the due date of payment.

The above advisory forms part of RBI's master circular on disbursement of government pension by banks. The advisory was issued following complaints from pensioners claiming unreasonable delay in disbursement of pension and arrears .

## വൈക്കം ഏരിയാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

**വൈക്കം ഏരിയാ എക്സികട്ടീവ് കമ്മറ്റി യോഗം വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ ശ്രീ. പി. പി. ഫിലിപ്പിന്റെ പെരുവയിലുള്ള വസതിയിൽ വച്ച് 28.08.2019 ൽ കൂടി. ജോയിന്റ് കൺവീനർ ശ്രി.ഡി.കെ. രാജഗോപാൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ** കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രി.എം.ജി.രാഘവൻ, **കമ്മറ്റി അംഗം ശ്രീ.കെ.റ്റി. ജോസഫ് എന്നിവരും പങ്കെടുത്തു.**

## വൈയ്ക്കം ഏരിയാ സെന്ററിന്റെ ഭവന സന്ദർശന പരിപാടി

**നമ്മുടെ ഒരു അംഗം മാത്യു മുത്തേരി പരസഹായമില്ലാതെ അനുദിനചര്യകൾ നടത്താൻ പ്രയാസപ്പെട്ടു കഴിയുന്നുണ്ട്. വൈക്കം ഏരിയാ സെന്ററിനു വേണ്ടി മി. ജോസഫ് മാത്യുവും വി.ജോണും അദേഹത്തെ വീട്ടിലെത്തി കണ്ടു ഏറെ നേരം സംസാരിച്ചിരുന്നു. ക്ഷീണിതനായിരിക്കുന്ന മി. കേശവൻ നായരേയും അവർ വീട്ടിലെത്തി സന്ദർശിച്ചു..**

**ഇരുവർക്കും വലിയ ആശ്വാസമുണ്ടായി. ഇരുവരോടും വൈക്കം സെന്ററിനുള്ള സ്നേഹവും ആദരവും അറിയിക്കുന്നു. രണ്ടു പേരെ ഭവനത്തിലെത്തി സന്ദർശിച്ച വൈയ്ക്കം ഏരിയാ സെന്ററിന്റെ നടപടി അനുകരണീയം തന്നെ !**



ഫയൽ ഫോട്ടോ:വാഗമൺ വിനോദയാത്രാ വേളയിൽ എടുത്ത ചിത്രം.

# പത്ര വാർത്ത

## കണ്ണീർ പ്രണാമം!!

നമ്മുടെ അംഗം അലക്സ് മൂഴയിലിന്റെ ഭാര്യാ പിഹാവ് പ്രൊഫ്. പി.സി.ചാക്കൊ



**പ്രഫ. പി.സി.ചാക്കോ**

**തിരുവനന്തപുരം:** പാലാ പ്ലാശനാൽ പെമ്പിളക്കുന്നേൽ അധികാരത്തിൽ കേരള ഔദ്യോഗിക നിയമനിർമാണ ഭാഷാ കമ്മിഷൻ മുൻ ചെയർമാനും തുമ്പ സെന്റ് സേവ്യേഴ്സ് കോളജ് റിട്ട. ഇംഗ്ലിഷ് അധ്യാപകനുമായ പ്രഫ. പി.സി.ചാക്കോ (88) ജവാഹർ നഗർ മൂൺമയയിൽ നിര്യാതനായി. സംസ്കാരം ഇന്നു 3നു വസതിയിൽ ശുശ്രൂഷയ്ക്കു ശേഷം നാലാഞ്ചിറ ലൂർദ് ഫൊറോന ഇടവക സെമിത്തേരിയിൽ. വത്തിക്കാൻ പത്രമായ ഒസ്സർവത്തോരെ റൊമാനയുടെ പരിഭാഷകനായും പ്രവർത്തിച്ചിട്ടുണ്ട്. ദൈവമനുഷ്യന്റെ സ്നേഹഗീത എന്ന ഗ്രന്ഥത്തിന്റെ മൂന്നു വാല്യങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഭാര്യ: കാതറിൻ പാലാക്കുന്നേൽ (റിട്ട. അധ്യാപിക, ലയോള സ്കൂൾ). മക്കൾ: സെലിൻ സിറിയക് (റിട്ട. അധ്യാപിക, സെന്റ് സേവ്യേഴ്സ് കോളജ്), ഡെയ്സി പൗലോസ് (ഇന്ത്യൻ ബാങ്ക്), ആലീസ് അലക്സ് (എൽഐസി). മരുമക്കൾ: സിറിയക് മാത്യു പോളയ്ക്കൽ (റിട്ട. പ്രിൻസിപ്പൽ, യൂണിവേഴ്സിറ്റി കോളജ്), പി.ഡി.പൗലോസ് പയ്യപ്പിള്ളി കൊളുവൻ (മാനേജർ, കാത്തലിക് സിറിയൻ ബാങ്ക്), അലക്സ് മൂഴയിൽ (റിട്ട. എസ്ബിഐ).

## {i o. hn. s I .tKm]n.



email: obitchn@mm.co.i

**മുളന്തുരുത്തി:** എസ്ബിഐ റിട്ട. ചീഫ് മാനേജർ കാരിക്കോട് നെടുങ്ങായിൽ(വെള്ളാമ്പുറത്ത്) വി.കെ. ഗോപി (65) നിര്യാതനായി. സംസ്കാരം ഇന്ന് 3ന്. ഭാര്യ: ജിക്കി ഗോപി (ലൈബ്രേറിയൻ, കേന്ദ്രീയ വിദ്യാലയ കടവന്ത്ര). മക്കൾ: അലിൻ, അഞ്ജിത.

## I mh \ാൽ എം.എസ്.ചാക്കൊ



**ചിങ്ങവനം:** എസ്ബിഐ മുൻ ഉദ്യോഗസ്ഥൻ കാവനാൽ എം. എസ്. ചാക്കോ (ജോണി- 73) നിര്യാതനായി. സംസ്കാരം ഇന്നു 3നു വസതിയിൽ ശുശ്രൂഷയ്ക്കു ശേഷം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ. ഇന്ത്യൻ എയർ ഫോഴ്സ് മുൻ ഉദ്യോഗസ്ഥനാണ്. ഭാര്യ: മഴുക്കീർ കുളത്രാമണ്ണിൽ വൽസമ്മ. മക്കൾ: ഉഷ, ഷൈനി (ഖത്തർ), നിഷി, ഷിജു (കുവൈത്ത്). മരുമക്കൾ: കുറിച്ചിമുഖത്തൊട്ട് തോമസ് പി. മാത്യു, വാകത്താനം ആയിരംതൈക്കൽ ജേക്കബ് ചെറിയാൻ, കോതമംഗലം വട്ടംപള്ളത്ത് റജി പുന്നൂസ്, അൻസു കുവൈത്ത്.




# ശ്രീ. വാവൂ എം.വി.

ശവസംസ്കാരം 19–ാം തീയതി വൈകുന്നേരം 4.30 മണിക്ക് അങ്കമാലി സെന്റ്.ജോർജ്ജ് ബസ് ലിക്ക പള്ളിയിൽ നടന്നു.

## ആദരാഞ്ജലികൾ!!

## എസ്.ബി.ഐ. മാനേജ്മെന്റുമായുള്ള ത്രൈമാസ ചർച്ചാ യോഗം

| | അജ□ | പ്രതികരണം |
|---|---|---|
| 1 | 1.Stagnation increment Sri V J Joseph<br>Order held up at Pala<br>2.Sosamma Babu<br>Non receipt of reply | RM assured to follow up<br><br>Reply has been earlier sent, promised to send one more |
| 2 | AT Babu<br>Non payment of pension for break period due to error in reporting in HRMS | Promised to follow up with PPG LHO and RBO |
| 3 | Medical Insurance Plan A – amount disallowed for Prostate cancer operation Smt Latha Padman<br>2.REMBS Reveendranathan's Medcial bills pending at LHO more than 50 days: 3Medical bills under MWS Rs10251.00 Sri Sasidharan Pillai-south Kuthiathode | Assured to follow up with MD India<br><br>It has been approved and soon amount will be credited to the SB account.<br>Folio has been tracked and the bill will be processed shortly |
| 4 | Housing loan Excess interest no refunded<br>1.B Rajagopal HRMS 7179170<br>2.Chandrasekaran Nair G HRMS 7196024 | 1.It has been recommended and forwarded by RACPC to DGM for approval<br>2.already credited to the account |
| 6 | Building Insurance premium-Excess amount not refunded Sri C P Mathew | Will be refunded and prorata premium will be debited |
| 7 | Dispensary at Alapuzha Increasing number of working days. | Additional details called for from RBO Alapuzzha and RM assured to send the details soon. |
| 8 | Non refund of NPS<br>Sri Joseph Thomas HRMS 7160887- inordinate delay in refund of NPS and non receipt of documents sent from AO | To collect the documents and affidavit at Bank's expenses and submit to LHO shortly |
| 9 | Other Matters:-<br>1.Progress- facelift of Dispensary at Kottayam<br>2.family Pension not paid since May 2019 Kalavoor Smt Kunjamma George. life certificate is ok<br>3.Pensioners' Meet in each RBO/ cluster of Branches together- Proposal by Sri B C Unnikrishnanan Nair, Vice President SBI PAK, for better coordination and rapport with branches. | Contract awarded for modification and soon fridge will be installed for keeping insulin<br><br>Assured to follow up ,AGM PPG has given instruction to the Branch to pay the amount by debit to suspense account .<br>DGM assured to look into the proposal. |

## അഭിനന്ദനങ്ങൾ!!


ഐഐടി (മദ്രാസ്)യിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്ഡി നേടിയ ശ്രുതി വിനായൻ. ചങ്ങനാശ്ശേരി പെരുന്ന 'ചാന്ദിനി'യിൽ വിനയചന്ദ്രന്റെയും (റിട്ട. മാനേജർ, എസ്ബിഐ) ഗീത വിനയന്റെയും മകളാണ്.

# പ്രശസ്ത സാഹിത്യ പ്രവർത്തകർ സംഘടനയിൽ

## ശ്രീ കെ. ബി. പ്രസന്നകുമാർ

കേന്ദ്ര, കേരള സാഹിത്യ അക്കാദമികൾ അവാർഡ് നൽകി ആദരിച്ച പ്രശസ്തനായ സാഹിത്യ കാരനാണ് നമ്മുടെ അസ്സോസിയേഷൻ അംഗമായ ശ്രീ കെ. ബി. പ്രസന്നകുമാർ. ഈ വർഷത്തെ ഓണാഘോഷ പരിപാടികളിൽ സംബന്ധിക്കു കയും അവിടെ വച്ചു ജില്ലാ പ്രസിഡന്റും ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും ചേർന്ന് അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

പഠന കാലത്തു തന്നെ എഴുത്തുകാരൻ എന്ന അംഗീകാരം നേടിയ പ്രസന്നൻ 1984 ൽ ജോലിയിൽ പ്രവേശിച്ചു 2017ൽ സ്റ്റേറ്റ് ബാങ്കുകളുടെ ലയന സമയത്തു സ്വയം വിരമിക്കൽ പദ്ധതിയിലൂടെ പെൻഷൻ പറ്റി പിരിഞ്ഞതിനു ശേഷം എസ് ബി ഐ പെന്ഷനേഴ്സ് അസോസിയേഷനിൽ ചേർന്ന് നമ്മോടൊപ്പം പ്രവർത്തിക്കുന്നു.




15 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ സാഹിത്യ കാരനെ **മീരയും മഹാത്മാവും** എന്ന കൃതിക്ക് അവാർഡ് നൽകി കേന്ദ്ര സാഹിത്യ അക്കാഡമിയും **ക:** എന്ന കൃതിക്ക് അവാർഡ് നൽകി കേരള സാഹിത്യ അക്കാദമിയും ആദരിച്ചിട്ടുണ്ട്.

## പ്രമുഖ സാഹിത്യകാരി ശ്രീമതി വി. ഗീത

മലയാള സഹിത്യത്തിലും ഇംഗ്ലീഷ് സഹിത്യത്തിലും ബിരുദാനന്തര ബിരുദ ധാരിയായ ഗീത നോവൽ, കവിത സമാഹാരം, ചരിത്രം ഉൾപ്പെടെ പതിനൊന്നു പുസ്തകങ്ങൾ പ്രമുഖ പ്രസാധകർക്കു വേണ്ടി വിവർത്തനം ചെയ്തിട്ടുണ്ട്.



ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കവിതകളും യാത്രാ വിവരണങ്ങളും ലേഖനങ്ങളും എഴുതുന്ന ഈ സാഹിത്യകാരിയുടെ **മഴചീന്തുകൾ** (കവിത സമാഹാരം) **ഹിമ സൗരഭം** (യാത്ര വിവരണം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. **കൈലാസ് മാനസ സരോവർ യാത്ര** പുസ്തകരൂപത്തിൽ എൻ ബി എസ് ഉടനെ പുറത്തിറക്കും. 33 വർഷത്തെ ബാങ്ക് സേവനത്തിന് ശേഷം സ്റ്റേറ്റ് ബാങ്കുകളുടെ ലയനാവസരത്തിൽ വോളണ്ടറി റിട്ടയർമെന്റ് സ്വീകരിച്ചു. എസ് ബി ടി എംപ്ലോയീസ് യൂണിയൻ കേന്ദ്ര കമ്മിറ്റി അംഗമായി പ്രവർത്തിച്ചി ട്ടുണ്ട്. എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേ ഷനിൽ .ഈയിടെ അംഗമായി.

## പുതിയ മെമ്പർമാരെ ആദരിച്ചു

നമ്മുടെ സംഘടനയിലേക്ക് കഴിഞ്ഞ ആറുമാസത്തിലിടയിൽ 100ൽ പരം പുതിയ മെമ്പർമാർ ചേർന്നിട്ടു□ ്. അതിൽ പൊതുയോഗത്തിൽ സംബന്ധിച്ച കുറച്ചു പേരെ ആദരിച്ചു. ഇവരെ കോട്ടയം ഡി.ജി.എസ്, ശ്രീ. മാത്യു അടയ്ക്കാമു□ യ്ക്കൽ സദസ്സിനു പരിചയപെടുത്തി കൊടുത്തു. ഓരോരുത്തർക്കും റോസാ പൂ കൊടുത്ത് നമ്മുടെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ. ജയകുമാർ സംഘടനയിലേക്ക് സ്വാഗതം ചെയ്തു.



എറണാകുളത്തു വച്ച് നടന്ന സംസ്ഥാന കമ്മറ്റി യോഗം. കോട്ടയം പ്രതിനിധികളേയും കാണാം.

## മൂന്ന് സ്വർണ മെഡലുകൾ നേടി അലക്സ് മേനാംപറമ്പിൽ

കണ്ണൂരിൽ നടന്ന അഖില കേരള മാസ്റ്റേഴ്സ് നീന്തൽ മൽസരങ്ങളിൽ രണ്ടു വ്യക്തിഗത സ്വർണ്ണ മെഡലു കളും ഒരു റിലേ സ്വർണ്ണവും കരസ്ഥമാക്കി അലക്സ് മേനാം പറമ്പിൽ നമ്മുടെ അഭിമാന താരമായി.



**അലക്സ് മേനാംപറമ്പിൽ സ്വിമ്മിംഗ് പൂളിൽ മറ്റ് മത്സരാർത്ഥികളോടൊപ്പം (വലത്തേയറ്റം)**

**അനുമോദനങ്ങൾ!!**



പുരസ്കാരങ്ങളുമായി ശ്രീ. അലക്സ് മേനാംപറമ്പിൽ

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ വയനാട് ജില്ലാ കേന്ദ്രം

മൂന്ന് മാസക്കാലത്തിലേറെയുള്ള തയ്യാറെടുപ്പിനും ഒരുക്കങ്ങൾക്കും ശേഷം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ വയനാട് ജില്ലാ കേന്ദ്രം നിലവിൽ വന്നു . വയനാട് ജില്ലയിലെ നമ്മുടെ കൂട്ടുകാരുടെ നിരന്തരമായ ആവശ്യങ്ങളിൽ മുൻനിരയിൽ നിന്ന ഒന്നായിരുന്നു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻറെ ജില്ലാ സെന്റർ യൂണിറ്റ് രൂപീകരണം. അത് യാഥാർത്ഥ്യ മാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം.

നിലവിൽ മൊത്തം അമ്പത്തഞ്ച് അംഗങ്ങൾ വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. അവരെ എല്ലാവരെയും സംഘടിപ്പിച്ചു ഒരു പുതിയ യൂണിറ്റ് രൂപീകരിക്കുക എന്നത് തികച്ചും ശ്രമകരമായ കാര്യമായിരുന്നു.

കൽപ്പറ്റയിലെ എൻ ജി ഒ യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിൽ എം.രാജഗോപാലൻ ആമുഖ പ്രഭാഷണവും സ്വാഗത പ്രസംഗവും നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ രാജീവൻ സംഘടനെയുടെ ചരിത്ര പശ്ചാത്തലവും പ്രവർത്തന കാര്യങ്ങളും വിശദികരിച്ചു. സേതുമാധവൻ നായർ സംഘടനയുടെ ഇനിയങ്ങോട്ടുള്ള നടത്തിപ്പിനെ സംബന്ധിച്ച രൂപരേഖ അവതരിപ്പിച്ചു. നവംബർ പതിനഞ്ചിന് മുമ്പായി ഭരണഘടനാ നുസ്യതമായ നിലയിൽ ജനറൽ ബോഡി യോഗം നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. താത്കാലിക സംവിധാനമെന്നനിലയിൽ ശ്രീ . സത്യൻ കൺവീനറായി . ശ്രീ.രവീന്ദ്രൻ. പ്രേമൻ. ഫ്രാൻസിസ്. ശ്രീമതി വനജ എന്നിവരടങ്ങിയ അഡ്ഹോക്ക് കമ്മിറ്റിക്ക് രൂപം കൊടുത്തു.



സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ രാജീവൻ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ വയനാട് ജില്ലാ കേന്ദ്രം ഉത്ഘാടനം ചെയ്ത് സംസാരിക്കുന്നു.



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കൽപ്പറ്റയിലെ എൻ ജി ഒ യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിലെ സദസ്സിന്റെ ഒരു വീക്ഷണം

## ഓഫീസ് സൗകര്യമൊരുക്കി പാലക്കാട് ജില്ലാ കേന്ദ്രം




**എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ ഓഫീസ് സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ രാജീവനും സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാറും ചേർന്ന് നാട മുറിച്ച് ഉത്ഘാടനം ചെയ്യുന്നു**



അതി മനോഹരമായി സജ്ജീകരിച്ച പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ ഓഫീസ്. പാലക്കാട് ജില്ലാ ഭാരവാഹികൾ, വിശിഷ്യ ശ്രീ.രാധാകൃഷ്ണൻ പുല്ലഞ്ചേരി അഭിനന്ദനമർഹിക്കുന്നു.

## എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ കേന്ദ്രം

# കുടുംബസംഗമവും ത്രൈമാസ യോഗവും




22/09/2019 ൽ നടന്ന ഇടുക്കി ജില്ലാ സമ്മേളനം നിലവിളക്ക് കൊളുത്തി സംസ്ഥാന ജനറൽ സെക്രട്ടറി ശ്രി.എ.ജയകുമാർ ഉത്ഘാടനംചെയ്യുന്നു. കോട്ടയം ഡി.ജി.എസ്, ശ്രീ. മാത്യു അടയ്ക്കാമു□ യ്ക്കൽ, എറണാകളം ഡി.ജി.എസ്. ശ്രി.ജോസഫ് പാലക്കൻ എന്നിവരേയും കാണാം.




കൊല്ലം അഡ്. ഓഫീസിൽ നടന്ന എസ്.ബി.ഐ. മാനേജ്മെന്റുമായുള്ള ത്രൈമാസ ചർച്ചാ യോഗം

## എസ്.ബി.ഐ. പെൻഷനേഴ്സ് സേവനമാസം

കഴിഞ്ഞ ഒരു മാസമായി ജൂലൈ മുതൽ ഓഗസ്റ്റ് മാസം അവസാനം വരെ നമ്മുടെ അസോസിയേഷൻ ആഫിസിൽ പ്രവർത്തകരെ ആദായ നികുതിയുടെ റിട്ടേൺ സമർപ്പിക്കുന്നതിനും എച്ച്.ആർ.എം.എസ്.ൽ ലോഗിൻ ചെയ്യുന്നതിനും പാസ്സ്വേർഡ് റീസെറ്റ് ചെയ്യുന്നതിനും പരിശീലനം കൊടുത്തു് സ്വയം പര്യപ്തമാക്കാനുള്ള പരിപാടി സംഘടിപ്പിച്ചിരുന്നു. ഒരുപാട് പേർക്ക് പ്രയോജനപ്പെട്ടു. അതിന് നേതൃത്വം കൊടുത്തത് ശ്രീ. എസ്. പുന്നൂസ് ആയിരുന്നു. ശ്രീമതി.ത്രേസ്യാമ്മ ആന്റണിയും ശ്രീ ഗോപകുമാറും, ശ്രീ. മാത്യു അടയ്ക്കാമുണ്ടക്കലും ഒപ്പം സഹായിക്കുന്നതിന് ഉണ്ടായിരുന്നു.

## പെൻഷനേഴ്സ് ഐ.ഡി.

ഏതാനും മാസങ്ങളായി പുതിയതായി വന്ന മെമ്പർ മാർക്ക് ബാങ്കിന്റെ പെൻഷൻ ഐ.ഡി. കാർഡ് സ്മാർട്ട് കാർഡ് രൂപത്തിൽ തയാറാക്കി കൊടുത്തു വരുന്നു. ഏകദേശം 170 പേരുടെ ഐഡി കാർഡിനുള്ള അപേക്ഷ കിട്ടിയിരുന്നു. അതിൻപ്രകാരം ഐഡി കാർഡ് തയാറാക്കി കഴിഞ്ഞു. പലരും അത് കൈപ്പറ്റിയിരുന്നു. കുറെ കാർഡ് നമ്മുടെ ഓഫിസിൽ സുഷിച്ചിട്ടുണ്ട്. ഈ സൗകര്യം സെപ്റ്റംബർ മാസം അവസാനം വരെയേ കാണുകയുള്ളു. ഭാരവാഹികളുമായി ബന്ധപ്പെടുക.

## ഡെൽഹി ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ ഇപ്പോഴത്തെ നില

**Delhi HC : W.P. 1875/2013, 8095,9679/2016:**

Cases were listed as item No 22 & 23 . The schedule of days listing indicated that the matter may be heard during post lunch session ie after 2.15 pm. In a swift move Counsel for the Bank appeared and ' mention' to the court that these cases need exhaustive hearings to which court agreed and gave a long long date which is 27/11/19. Counsel for the Federation vehemently opposed and told to the court the Counsel for the GOP should also be heard who were to attend to the court after lunch as indicated in schedule. He was not heard and court announced next date 27/11/19 after brief consultation with court Master and left the court room for lunch .

നമ്മുടെ കോട്ടയം യുണിറ്റിന്റെ വിശേഷങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒയാസിസ് (മരുപ്പച്ച)എന്ന പേരിൽ ഒരു ഇ-പ്രസിദ്ധീകരണം ആരംഭിച്ചു.

അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.

പത്രാധിപ സമിതി

രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കാമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ

ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്സ്യാമ്മ ആന്റണി

കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളും എല്ലാ അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.

ചീഫ് എഡിറ്റർ